# പതിമൂന്നാം കേരളനിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3789 17.12.2015 ന് മറുപടിയ്ക്ക്.

**മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള വനപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സുരക്ഷിതത്വം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ അജിത് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഏതെല്ലാം വനപ്രദേശങ്ങളിലാണ് മാവോയിസ്റ്റ് സാന്നിദ്ധ്യം കണ്ടെത്തിയിട്ടുള്ളതെന്നും, ഏതൊക്കെ പ്രദേശങ്ങളിലാണ് വനം വകുപ്പിന്റെ ഓഫീസിനോ ഷെഡ്ഡുകൾക്കോ നേരെ ആക്രമണം ഉണ്ടായിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്ത് നോർത്തേൺ സർക്കിൾ കണ്ണൂർ, ഈസ്റ്റേൺ സർക്കിൾ പാലക്കാട് എന്നീ സർക്കിളുകളിലും, വൈൽഡ് ലൈഫ് സർക്കിൾ പാലക്കാടും മാവോയിസ്റ്റ് സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) പ്രസ്തുത പ്രദേശങ്ങളിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥരുടെ സുരക്ഷിതത്വത്തിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്നും ജീവനക്കാർക്ക് പ്രത്യേക റിസ്ക് അലവൻസ് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ എന്നും വിശദമാക്കാമോ; | (ബി) പ്രസ്തുത പ്രദേശത്ത് ജോലി ചെയ്യുന്ന ജീവനക്കാർക്ക് സുരക്ഷിതത്വത്തിനായി ആധുനിക ആയുധങ്ങളും ഉപകരണങ്ങളും വാങ്ങുക, ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുക തുടങ്ങിയ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് 1322/ഡി1/15/വനം നമ്പർ ഫയലിൽ തീരുമാനമെടുത്തു വരുന്നു. |
| (സി) മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള വനപ്രദേശങ്ങളായി കണ്ടെത്തിയ ഭാഗങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ജോലി സമയത്തിൽ എന്തെങ്കിലും ഇളവുകൾ നൽകുകയോ, ഇവിടെ കൂടുതൽ ജീവനക്കാരെ നിയോഗിച്ച് സുരക്ഷ ശക്തമാക്കുകയോ ചെയ്തിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ? | (സി) മാവോയിസ്റ്റ് സാന്നിദ്ധ്യമുള്ള വനപ്രദേശങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ജോലി സമയത്തിൽ ഇളവുകളൊന്നും നൽകിയിട്ടില്ല. ഇവിടെ കൂടുതൽ ജീവനക്കാരെ നിയോഗിക്കുകയോ ചെയ്തിട്ടില്ല. മാവോയിസ്റ്റ് ഭീഷണി തടയുന്നതിന്റെ ഭാഗമായി സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്)നം.69/12/വനം തീയതി 21.06.2012 പ്രകാരം സ്റ്റേഷൻ/സെക്ഷൻ, റെയിഞ്ച്, ഡിവിഷൻ, ജില്ലാ തലങ്ങളിൽ വനമേഖലാ ജാഗ്രതാ സമിതികൾ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. ആവശ്യാനുസരണം പോലീസ്, തണ്ടർ ബോൾട്ട് എന്നിവയുടെ സഹായം തേടാറുണ്ട്. ക്യാമറ, തോക്ക്, ആയുധങ്ങൾ, വാഹനങ്ങൾ, വയർലെസ് നെറ്റ് വർക്ക് എന്നിവ വാങ്ങുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

<u>ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (നോർത്തേൺ സർക്കിൾ), കണ്ണൂർ</u> - ഈ സർക്കിളിന്റെ കീഴിൽ വയനാട് സൗത്ത് ഡിവിഷനിലെ മേപ്പാടി റെയിഞ്ചിലെ കോട്ടപ്പടി സെക്ഷൻ പരിധിയിൽ വരുന്ന ചെമ്പ്ര വനഭാഗത്തും, മുണ്ടക്കൈ സെക്ഷന്റെ പുഞ്ചിരിമറ്റം ഏരിയായിലും, കൽപ്പറ്റ റെയിഞ്ചിലെ പടിഞ്ഞാറത്തറ സെക്ഷന്റെ പരിധിയിലെ തരിയോട് 10-ാം മൈൽ വനത്താൽ ചുറ്റപ്പെട്ട് കിടക്കുന്ന കരിങ്കണ്ണി എസ്റ്റേറ്റ് എന്ന സ്വകാര്യ സ്ഥലത്തെ ആദിവാസി കോളനിയിലും, കോഴിക്കോട് ഡിവിഷനിലെ കുറ്റ്യാടി റെയിഞ്ച് പരിധിയിലെ വിലങ്ങാട്, പശുക്കടവ് എന്നീ സെക്ഷൻ പരിധിയിലും, കണ്ണൂർ ഡിവിഷനിലെ കണ്ണവം റെയിഞ്ചിലെ ചിക്കേരി, കൊളപ്പ എന്നിവിടങ്ങളിലും നോർത്ത് വയനാട്ടിലെ പേര്യ റെയിഞ്ച് പരിധിയിൽ കുഞ്ഞോം, ചപ്പകോളനി എന്നിവിടങ്ങളിലും, ബേഗൂർ റെയിഞ്ചിലെ മക്കിമല, തിരുനെല്ലി, ഉണ്ടികപ്പറമ്പ് എന്നീ പ്രദേശങ്ങളിലും മാവോയിസ്റ്റ് സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്.

<u>ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഈസ്റ്റേൺ സർക്കിൾ), പാലക്കാട് -</u> ഈ സർക്കിളിന്റെ കീഴിൽ മണ്ണാർക്കാട് ഡിവിഷന്റെ കീഴിലുള്ള അട്ടപ്പാടി, അഗളി, മണ്ണാർക്കാട് എന്നീ റെയിഞ്ചുകളിലും, നിലമ്പൂർ സൗത്ത് ഡിവിഷന കീഴിലുള്ള നെടുങ്കയം, വരിച്ചിൽ മലവാരം, താളിപ്പുഴ, കടന്നക്കാപ്പ് എന്നീ സ്ഥലങ്ങളിലും, നിലമ്പൂർ നോർത്ത് ഡിവിഷനിലെ ചെമ്പ്ര കോളനി, വാണിയമ്പുഴ, കമ്പളപ്പാറ, തരിപ്പപ്പൊട്ടി, ഉറിക്കയം, വെണ്ടേക്കുംപൊട്ടി, അയ്യപ്പൻപൊട്ടി, മരുത, കല്ലായിപ്പൊട്ടി, ആനന്ദക്കല്ല്, എടക്കോട്, തോക്കറാമ്പുപ്പാറ, അരീക്കോട് എന്നീ സ്ഥലങ്ങളിലും മാവോയിസ്റ്റ് സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്.

<u>ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്), പാലക്കാട് -</u> ഈ സർക്കിളിന്റ കീഴിൽ ആറളം വൈൽഡ് ലൈഫ് ഡിവിഷനിൽ രാമച്ചി എന്ന സ്ഥലത്തും, വയനാട് വൈൽഡ് ലൈഫ് ഡിവിഷനിൽ തോൽപ്പെട്ടി റെയിഞ്ചിലെ സംസ്ഥാന അതിർത്തിയോട് ചേർന്ന ദൊഡ്ഡാടി ഭാഗത്തും, സൈലന്റ്‌വാലി ഡിവിഷനിൽ അട്ടപ്പാടി, ബഫർസോൺ മേഖലകളിലും മാവോയിസ്റ്റ് സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (നോർത്തേൺ സർക്കിൾ), കണ്ണൂരിന്റെ കീഴിലുള്ള നോർത്ത് വയനാട് ഡിവിഷനിലെ പേര്യ റെയിഞ്ച് കുഞ്ഞോം ഫോറസ്റ്റ് ക്വാർട്ടേഴ്സ് കെട്ടിടം 22.12.2014 ന് മാവോയിസ്റ്റുകൾ ആക്രമിച്ച് കേടുപാടുകൾ വരുത്തിയിട്ടുണ്ട്.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്), പാലക്കാടിന്റെ കീഴിലുള്ള സൈലന്റ്‌വാലി പ്രദേശത്ത് മുക്കാലിയിൽ പ്രവർത്തിക്കുന്ന സൈലന്റ്‌വാലി റെയിഞ്ച് ഓഫീസിനു നേരെയും, ഭവാനി റെയിഞ്ചിന്റെ കീഴിലുള്ള ഹാവ്‌ലോക്ക്, ആനവായ്, താഴേതുടുക്കി എന്നീ ക്യാമ്പ് ഷെഡ്ഡുകൾക്കു നേരേയും ആക്രമണം ഉണ്ടായിട്ടുണ്ട്.